# കേരള പബ്ലിക് സർവീസ് കമ്മീഷൻ

## പത്രക്കുറിപ്പ്

**പോലീസ്(ടെലികമ്മ്യൂണിക്കേഷൻസ്) വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ (ടെലികമ്മ്യൂണിക്കേഷൻസ്) തസ്തികയുടെ (കാറ്റഗറി നമ്പർ.** 104/17) **ശാരീരിക അളവെടുപ്പ്, കായികക്ഷമതാ പരീക്ഷ എന്നിവ നവംബർ** 13 **മുതൽ** 25 **വരെയുള്ള തീയതികളിലായി പബ്ലിക് സർവീസ് കമ്മീഷന്റെ വിവിധ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. ഉദ്യോഗാർത്ഥികൾക്കായുള്ള അഡ്മിഷൻ ടിക്കറ്റ് അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കുകയും, രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ മെസ്സേജ് നൽകുകയും ചെയ്തിട്ടുണ്ട്. അഡ്മിഷൻ ടിക്കറ്റും, ഒരു അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ അസ്സലും സഹിതം ഉദ്യോഗാർത്ഥികൾ നിശ്ചിത തീയതിയിൽ നിശ്ചിത സ്ഥലത്ത് ശാരീരിക അളവെടുപ്പ്, കായികക്ഷമതാ പരീക്ഷ എന്നിവ ഹാജരാക്കേണ്ടതാണ്. നിശ്ചിത തീയതിയിലും സമയത്തും ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്ക് ഒരു സാഹചര്യത്തിലും വീണ്ടും അവസരം നൽകുന്നതല്ല.**